പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1655

10.02.2020-ൽ മറുപടിക്ക്

## ടാങ്കറുകളിൽ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) തിരുവനന്തപുരം നഗരത്തിൽ കുടിവെള്ള ടാങ്കറുകളിൽ വിതരണം ചെയ്യുന്ന ജലം ഗുണനിലവാരം ഇല്ലാത്തതാണെന്ന് കോർപ്പറേഷൻ ഹെൽത്ത് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) മലിനജലം വിതരണം ചെയ്യുന്ന ടാങ്കറുകളെ നിയന്ത്രിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | ബി) നഗരസഭാ പരിധിയിലെ മുഴുവൻ കുടിവെള്ള വിതരണ ടാങ്കറുകളും ലൈസൻസ് പരിധിയിൽ കൊണ്ടു വന്നു. ഓൺലൈൻ സംവിധാനത്തിലൂടെ കുടിവെള്ള ശേഖരണം വാട്ടർ അതോറിറ്റിയിൽ നിന്നു മാത്രമായി ശേഖരിക്കുന്നതിന് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി |
| സി) ശുദ്ധജലം വിതരണം ചെയ്യുന്ന ടാങ്കറുകൾക്ക് ലൈസൻസ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത്തരം ടാങ്കറുകളിൽ ഫ്ളോ മീറ്റർ ഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) ഉണ്ട്. കുടിവെള്ള ടാങ്കറുകളുടെ ലൈസൻസ് വ്യവസ്ഥകളുടെ ഭാഗമായി ഡിജിറ്റൽ ഫ്ളോ മീറ്റർ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ